*Ref.* MIN/251027/OAA *Date:* 27.10.2025

# അക്കാദമിക് കൗൺസിൽ യോഗ റിപ്പോർട്ട്

അക്കാദമിക് കൗൺസിലിന്റെ സാധാരണ യോഗം 21-09-2025 ഞായർ 10.20ന് വാഴ്സിറ്റി മീറ്റിംഗ് ഹാളിൽ ചേർന്നു.

**യോഗത്തിൽ സന്നിഹിതരായവർ**

1. യു.മുഹമ്മദ് ശാഫി ഹാജി
2. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
3. ഡോ. കെ.ടി ജാബിർ ഹുദവി, പറമ്പിൽപീടിക
4. ഡോ. റഫീഖ് ഹുദവി, പുഴക്കാട്ടിരി
5. അബ്ദുൽ നാസ്വിർ പി.കെ ഹുദവി കൈപ്പുറം
6. ഡോ. സ്വലാഹുദ്ദീൻ ഹുദവി പറമ്പിൽപീടിക
7. ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ
8. റശീദ് ഹുദവി ഏലംകുളം
9. റഊസ് ഹുദവി വാഴക്കാട്
10. ഡോ. പി.കെ ശാഫി ഹുദവി വെളിമുക്ക്
11. വഹാബ് ഹുദവി അരീക്കോട്
12. ഇ.കെ സിറാജുദ്ദീൻ ഹുദവി
13. അമീർ ഹുസൈൻ ഹുദവി ചെമ്മാട്
14. റഖീബ് ഹുദവി, പൊന്നാനി
15. ശാഫി ഹുദവി, കരേക്കാട്
16. അബ്ദുശ്ശകൂർ ഹുദവി, ചെമ്മാട്
17. ഡോ. ഫൈസൽ ഹുദവി മാരിയാട്
18. ഡോ. കെ.ടി അബ്ദുൽ ഗഫൂർ ഹുദവി, പൊൻമള
19. ഡോ. കെ.ടി.എം ഹാരിസ് ഹുദവി, കുറ്റിപ്പുറം
20. ഡോ. മിസ്അബ് ഹുദവി നിലമ്പൂർ
21. എം.കെ.എം ജാബിറലി ഹുദവി, പടിഞ്ഞാറ്റുമുറി
22. ഡോ. സ്വാലിഹ് ഹുദവി, തിരൂർ
23. ജലീൽ ഹുദവി ബാലയിൽ
24. ശഫീഖ് ഹുദവി നീലാമ്പ്ര

പി.ജി ഡീൻ അബ്ദുശ്ശകൂർ ഹുദവിയുടെ പ്രാർഥനയോടെ യോഗത്തിന് പ്രാരംഭം കുറിക്കപ്പെട്ടു. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ ആധ്യക്ഷ്യം വഹിച്ചു. സ്വാഗതവും ആമുഖഭാഷണവും നടത്തി രജിസ്ട്രാർ സംസാരിച്ചു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബോർഡ് അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. ശേഷം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരെ സ്ക്രീനിൽ പ്രദർശിപ്പിച്ചു.

**മുൻയോഗ റിപ്പോർട്ട് അവലോകനം**

മുൻഅക്കാദമിക വർഷം (2024-25) നടന്ന യോഗ റിപ്പോർട്ട് അവലോകനം നടത്തി രജിസ്ട്രാർ സംസാരിച്ചു.

**തദബ്ബുർ-സിപെറ്റ്**

സിപെറ്റ് തദബ്ബുർ വിജയകരമായിരുന്നുവെന്നും പതിനെട്ടോളം സ്ഥാപനങ്ങൾ ഇതിൽ പങ്കെടുത്തിരുന്നുവെന്നും ഭാഷാ പഠനങ്ങളിൽ സ്പാനിഷും ജർമനും പുതുതായി ചെയ്യുന്നുണ്ടെന്നും യോഗാംഗങ്ങളെ അറിയിച്ചു. ഐ.ടി കോഴ്സ് സംബന്ധിച്ച് പുറത്ത് പലരുമായും സംസാരിച്ചുവെങ്കിലും സാമ്പത്തിക പ്രതിസന്ധിയാണ് പിന്നോട്ടടിക്കാൻ കാരണമെന്ന് വ്യക്തമാക്കി. ഈ കോഴ്സുകൾ പുറത്തേക്ക് കൊടുക്കുന്നത് സോഴ്സ് ഓഫ് ഇൻകം വർധിപ്പിക്കാൻ ഉപകരിക്കുമെന്ന് അധ്യക്ഷൻ ഡോ.അബ്ദുർറഹ്മാൻ അരീക്കാടൻ സർ അറിയിച്ചു.

**ഐ.ടി-ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റുകൾ**

ഒരു ഇസ്‌ലാമിക സർവകലാശാല എന്ന രീതിയിൽ ഐ.ടി അല്ലെങ്കിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലാണ് എന്ന് പറയുന്നതിൽ അസ്വസ്ഥതയുണ്ടെന്ന് ജലീൽ ഹുദവി ബാലയിൽ പറഞ്ഞു. നിലവിൽ അറബി ഡിപ്പാർട്ട്മെന്റ് ഉണ്ടെങ്കിലും അതുപോലെയല്ല ഇംഗ്ലീഷ് എന്ന് ജാബിർ കെ.ടി ഹുദവി സൂചിപ്പിച്ചു. ലാംഗ്വേജ് ടീച്ചിങ് എന്ന രീതിയിൽ ഇംഗ്ലീഷ് ഏറെ ഫലപ്രദമാകുമെന്നും നിലവിൽ ദാറുൽ ഹുദാ സംവിധാനത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും സ്വലാഹുദ്ദീൻ ഹുദവി അഭിപ്രായപ്പെട്ടു. അക്കാദമിക എഴുത്തുകൾ മെച്ചപ്പെടുത്തുക എന്ന രീതിയിലായാൽ ഉപകരിക്കുമെന്ന് റശീദ് ഹുദവി ഏലംകുളം അറിയിച്ചപ്പോൾ ഇംഗ്ലീഷ് സാഹിത്യത്തിന്റെ ഇസ്‌ലാമികവത്കരണമാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് രജിസ്ട്രാർ സൂചിപ്പിച്ചു.

**പിഎച്ച്.ഡി**

വിദേശ യൂനിവേഴ്സിറ്റികളുമായി സഹകരിച്ച് പിഎച്ച്.ഡി ചെയ്യുന്നതുമായി ബന്ധപ്പെട്ട ചർച്ചയിൽ ദാറുൽഹുദാ നിലവിൽ ഈ സംരംഭവുമായി മുന്നോട്ടുപോയാൽ ഫെയ്ക് യൂനിവേഴ്സിറ്റികളുടെ ലിസ്റ്റിൽ വരാൻ സാധ്യതയുണ്ടെന്നും ദാറുൽഹുദാക്ക് എം.ഒ.യു ഉള്ള സ്ഥാപനങ്ങളുമായി സഹകരണത്തിലൂടെ സാധിക്കുമോ എന്ന് അന്വേഷിക്കേണ്ടതുണ്ടെന്നും രജിസ്ട്രാർ സൂചിപ്പിച്ചു. സ്വദേശ യൂനിവേഴ്സിറ്റികളുടെ ഒരു ഓഫ് കാമ്പസ് എന്ന രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കില്ലേ എന്ന് ജലീൽ ഹുദവി ബാലയിൽ അഭിപ്രായം പ്രകടിപ്പിച്ചു.

നിലവിൽ ഡബ്ൾ പി.ജിയും ട്വിന്നിംഗ് പ്രോഗ്രാമുകളും ഉണ്ടെന്നും വിശദമായി പഠിച്ച് നടപ്പിൽ വരുത്തുകയാണെങ്കിൽ ഏറെ ഉപകാരം ചെയ്യുമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഒരു വർഷം കൊണ്ട് ഇതിന്റെ തുടർപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും സാധ്യമാകുന്ന വഴികൾ കണ്ടെത്താനും ഒരാളെ നിയമിക്കുന്നത് ഉചിതമാകുമെന്ന് യോഗാംഗങ്ങൾ അഭിപ്രായം ഉയർന്നു.

**യൂനിവേഴ്സിറ്റി**

ദാറുൽഹുദായുടെ കൂടെ യൂനിവേഴ്സിറ്റി എന്ന് ഉപയോഗിക്കുന്നതിലുള്ള നിയമ പ്രശ്നം അഭിമുഖീകരിക്കേണ്ടതുണ്ടെന്നും സെനറ്റിൽ ഇവ്വിഷയകമായി ചർച്ച അനിവാര്യമാണെന്നും യോഗം അഭിപ്രായപ്പെട്ടു. പ്രൈവറ്റ് യൂനിവേഴ്സിറ്റിയിലേക്ക് മാറേണ്ടതുണ്ടെന്നും ഹ്രസകാല പരിഹാരം കാണുന്നതിന് പകരം ഒരു ദീർഘകാല പരിഹാരമാണ് അനിവാര്യമെന്നും ആദ്യഘട്ട പരിഗണനയിൽ പെടാൻ സാധിച്ചാൽ കാര്യങ്ങൾ സുഗമമാകുമെന്നും പിന്നീട് കടുത്ത നിയന്ത്രണം ഏർപ്പെടുത്തപ്പെടാൻ സാധ്യതയുണ്ടെന്നും ഡോ.മിസ്അബ് ഹുദവി നിലമ്പൂർ അഭിപ്രായപ്പെട്ടു. നിലവിൽ നല്ല നിയന്ത്രണങ്ങളുള്ളത് കൊണ്ടാണ് ലഭിക്കാൻ പ്രയാസമെന്ന് ഹാരിസ് കെ.ടി ഹുദവി പറഞ്ഞു.

നിലവിൽ ജാമിഅ ദാറുൽ ഹുദാ ഇസ്‌ലാമിയ്യ വെച്ച് തന്നെ നമുക്ക് ഡോക്യുമെന്റ്സ് നൽകുന്നതിന് എന്താണ് തടസ്സമെന്ന് ഡോ. സ്വാലിഹ് ഹുദവി ആരാഞ്ഞു. മാനേജിങ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് തീരുമാനമാക്കണമെന്ന് ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അറിയിച്ചു.

**തർബിയ ബോർഡ്**

വിദ്യാർഥികളുടെ ആത്മീയ സാംസ്കാരിക മാനസിക അഭിവൃദ്ധി ലക്ഷീകരിച്ചു കൊണ്ട് നടപ്പിലാക്കാൻ അഖീദ ആന്റ് ഫിലോസഫി ബി.ഒ.എസ് മീറ്റിങിൽ ആവശ്യപ്പെട്ട പദ്ധതിയാണിത്.

ഡിപ്പാർട്ട്മെന്റ് ഹെഡ് സിറാജ് ഹുദവി പൊടിയാട് ബോർഡിന്റെ ആവശ്യകതയും അനിവാര്യതയും സദസ്സിനെ ധരിപ്പിച്ചു.

നിലവിലുള്ള മെന്റർഷിപ്പ് സംവിധാനം പുതിയ സാങ്കേതിക വിദ്യ, സൈബർ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കാനുള്ള രീതിയിലായിരിക്കണം നടപ്പിലാക്കേണ്ടതെന്ന് ഡോ.ജാബിർ കെ.ടി ഹുദവി അറിയിച്ചു.

തർബിയ ബോർഡ് സ്ഥാപിക്കുന്നതിലൂടെ മെന്ററിംഗ് കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് റഖീബ് ഹുദവി ആവശ്യപ്പെട്ടു.

വിദ്യാർഥികളുടെ ഉന്നമനത്തിന് അനിവാര്യമായ സ്ഥിതിക്ക് അംഗീകരിക്കാവുന്നതാണെന്ന് അധ്യക്ഷൻ ഡോ.അബ്ദുർറഹ്മാൻ അരീക്കാടൻ അഭിപ്രായപ്പെട്ടു. ഈ സംവിധാനത്തിൽ വിദ്യാർഥികളുടെ വിവിധ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന കൗൺസ്‌ലിംഗ് സെന്റർ കൂടി സ്ഥാപിക്കുന്നത് ഏറെ ഉപകാരം ചെയ്യുമെന്ന് ഉസ്വൂലുദ്ദീൻ കുല്ലിയ്യ ഡീൻ റശീദ് ഹുദവി ഏലംകുളം അറിയിച്ചു. നവ ജെൻസീ തലമുറയെ മനസ്സിലാക്കാനും അവർക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള ശ്രമങ്ങൾ ഈ സംവിധാനം വഴി വരേണ്ടതുണ്ടെന്ന് രജിസ്ട്രാർ വ്യക്തമാക്കി.

**പുതിയ ഡിപ്പാർട്ട്മെന്റുകൾ (ഐ.ടി, മാത്സ്)**

നൂതന സാങ്കേതിക വിദ്യകളുടെ അതിപ്രസരം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റത്തിന്റെ മാറ്റൊലി തീർക്കേണ്ടതിനാൽ ഡിഗ്രി ഡിപ്പാർട്ട്മെന്റ് തലത്തിൽ ഐ.ടി അനിവാര്യമാണെന്ന സെക്കന്ററി ബോർഡ് യോഗാഭിപ്രായം ചർച്ച ചെയ്തു. ഫറാഇള്, നിസ്കാര സമയം പോലെയുള്ള പല കർമ ശാസ്ത്ര ഏരിയകളിലും ഗണിത ശാസ്ത്ര പരിജ്ഞാനം അനിവാര്യമായതിനാൽ ഇതേ സെക്ഷനിൽ കണക്കും ഉൾപ്പെടുത്തേണ്ടതുണ്ടെന്ന ഇതേ ബോർഡിന്റെ അഭിപ്രായവും ചർച്ചക്ക് വിധേയമാക്കി. താല്പര്യമുള്ളവർക്ക് നൽകുന്നതിൽ വിരോധമില്ലെന്ന് അധ്യക്ഷൻ ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അഭിപ്രായപ്പെട്ടു. പി.ജിയിൽ നിലവിൽ വന്ന ഇൻസ്റ്റിറ്റ്യൂട്ട് പോലെ യു.ജിയിൽ പ്രോഗ്രാമുകളായി നൽകിയാൽ ഉചിതമാകുമെന്ന് എം.കെ ജാബിറലി ഹുദവി പറഞ്ഞു.

**ലാംഗ്വേജ് ഫെസ്റ്റ്**

വിദ്യാർത്ഥികളുടെ ഭാഷാനൈപുണി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ഭാഷയിലും വ്യത്യസ്ത ഫെസ്റ്റുകൾ നടത്തേണ്ടതുണ്ടെന്ന ബോർഡ് ഓഫ് സ്റ്റഡീസ് യോഗാഭിപ്രായം ചർച്ച ചെയ്തു. ഉറുദു ഭാഷയിൽ നിപുണരായ ആളുകളെ കിട്ടാൻ പ്രയാസമാണെന്നും ഇവ്വിഷയകമായി വിദ്യാർത്ഥികൾ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ടെന്നും ജനറൽ സെക്രട്ടറി യു.ശാഫി ഹാജി ആവശ്യപ്പെട്ടു. നിലവിൽ പി.ജിയിൽ അറബി ഭാഷയിലാണ് ഫെസ്റ്റ് നടത്തുന്നതെന്ന് സന്നിഹിതരായ പി.ജി അധ്യാപകർ അറിയിച്ചു. ഉറുദു വിദ്യാർത്ഥികളുടെ തീവ്ര നിലപാട് ഉത്തരേന്ത്യൻ പദ്ധതികളെ ഏറെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും മലയാളികളിൽ നിന്നുള്ള ഉറുദുഭാഷയിൽ നൈപുണിയുള്ള അധ്യാപകരെ വളരെ അത്യാവശ്യമാണെന്നും ഡോ.ഹാരിസ് കെ.ടി ഹുദവി പറഞ്ഞു. നിലവിൽ ഉറുദു ഡിബേറ്റ് ക്ലബ് തുടങ്ങിയിട്ടുണ്ടെന്നും എൽ.എസ്.ആർ ഡൈമൻഷനിലാണ് മുന്നോട്ടുപോകാനുള്ള പദ്ധതിയെന്നും രജിസ്ട്രാർ ഡോ. റഫീഖലി ഹുദവി യോഗാംഗങ്ങളെ അറിയിച്ചു. കുല്ലിയ്യത്തുല്ലുഗാത്തിന് കീഴിൽ ഭാഷാപരമായ എല്ലാ പദ്ധതികളും ഏകോപിപ്പിച്ച് ചെയ്യേണ്ടതുണ്ടെന്നും ലാംഗ്വേജ് ഫെസ്റ്റ് പോലുള്ള പരിപാടികൾ ഇതിനു കീഴിൽ വരണമെന്നും ഡോ.ജഅ്ഫർ ഹുദവി കൊളത്തൂർ അഭിപ്രായപ്പെട്ടു. ഇതിന്റെ ഭാഗമായി നിലവിൽ വന്ന ഐ.എൽഎം ഏറെ ഉപകാരപ്രദമാണെന്ന് ചാമക്കാല പ്രിൻസിപ്പൽ ശാഫി ഹുദവി കരേക്കാട്

അഭിപ്രായപ്പെട്ടു. ഉറുദു ഭാഷാപരമായ പ്രശ്നങ്ങൾക്ക് പ്രതിവിധിയായി വ്യത്യസ്ത പരിപാടികൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞ സിബാഖിന് കൊണ്ടുവന്ന വിധികർത്താക്കളെ ഉപയോഗപ്പെടുത്താവുന്നതാണെന്ന് ഡോ. ജഅ്ഫർ ഹുദവി കൊളത്തൂർ അറിയിച്ചു.

**തിലാവ കോഴ്സ്**

വിദ്യാർത്ഥികളുടെ ഖുർആൻ പാരായണം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വന്ന ഹിസ്ബ് കോഡിനേറ്ററുടെ കീഴിൽ സീനിയർ സെക്കന്ററിയിൽ സംവിധാനിച്ച തിലാവ കോഴ്സ് പൂർത്തിയാക്കിയവർക്ക് മാത്രം ഡിഗ്രിയിലേക്ക് പ്രൊമോഷൻ അനുവദിച്ചാൽ മതിയെന്ന ബോർഡ് നിർദ്ദേശം കൗൺസിൽ ഐകകണ്ഠ്യേന അംഗീകരിച്ചു.

**ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രോഗ്രാമുകൾ**

നിലവിൽ പുതിയ അക്കാദമിക വർഷത്തിൽ നടപ്പിൽ വരുത്തിയ അഞ്ച് പ്രോഗ്രാമുകളെ രജിസ്ട്രാർ പരിചയപ്പെടുത്തി. പ്രാക്ടിക്കൽ ലൈഫിൽ ഇവയെല്ലാം വളരെ അത്യാവശ്യമാണെന്നും മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ടെന്നും ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ അറിയിച്ചു. ഇതുപോലെ സൗജന്യമായി എൽ.എൽ.ബി, സി.എ ഒക്കെ ചെയ്യാൻ അവസരം വരുന്നുണ്ടെന്നും പിന്നണി പ്രവർത്തനങ്ങൾ സജീവമാണെന്നും രജിസ്ട്രാർ യോഗാംഗങ്ങളെ അറിയിച്ചു.

**നാലുവർഷ ഡിഗ്രി**

നാലുവർഷ ഡിഗ്രി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന ഡീനുമാരുടെ യോഗത്തിൽ, ധൃതി കൂട്ടേണ്ടതില്ലെന്നും കൃത്യമായി പഠിച്ച് പ്രായോഗികമായ തടസ്സങ്ങൾ എല്ലാം ഒഴിവാക്കിയതിന് ശേഷം മാത്രം നടപ്പിലാക്കിയാൽ മതിയെന്നുമാണ് അഭിപ്രായം വന്നതെന്ന് രജിസ്ട്രാർ യോഗാംഗങ്ങളെ അറിയിച്ചു. നിലവിൽ ചെറിയൊരു ശതമാനം യൂനിവേഴ്സിറ്റികൾ മാത്രമേ ഇത് നടപ്പിൽ വരുത്തിയിട്ടുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് അന്തർദേശീയ തലത്തിൽ നമ്മുടെ വിദ്യാർത്ഥികളുടെ പഠനത്തെ എങ്ങനെ ബാധിക്കുന്നു എന്നത് ചർച്ച ചെയ്യേണ്ടതുണ്ടെന്ന് യോഗം അഭിപ്രായപ്പെട്ടു. 2-4-4-2 എന്ന സിസ്റ്റത്തിലേക്ക് മാറ്റാൻ പ്രയാസമുണ്ടാവില്ലെന്നും നമ്മുടെ അപ്ഡേറ്റുകൾക്ക് അനുയോജ്യമാകുമെന്നും എം.കെ ജാബിറലി ഹുദവി നിർദ്ദേശിച്ചു. ഡോ.ഫൈസൽ ഹുദവി മാരിയാട്, ഡോ.ജാബിർഹുദവി കെ.ടി, ഡോ. അബ്ദുൽ ജലീൽ. ടി എന്നിവരടങ്ങുന്ന ഒരു സമിതിയെ നിശ്ചയിക്കാമെന്ന് ധാരണയായി. ആത്യന്തികമായി ഇതിന്റെ പരിണതഫലം എത്രത്തോളമുണ്ടാകുമെന്ന് മുൻധാരണ ഉണ്ടാവേണ്ടതുണ്ടെന്ന് ഡോ.സ്വാലിഹ് ഹുദവി നിർദ്ദേശം പങ്കുവെച്ചു. പുറത്ത് നടപ്പിലായി എന്നത് കൊണ്ട് മാത്രം നാം നടപ്പിലാക്കേണ്ടതില്ലെന്നും കൃത്യമായ പഠനങ്ങൾക്ക് ശേഷം മതിയെന്നും യു.ശാഫി ഹാജി അറിയിച്ചു.

**മഹ്ദിയ്യ പി.ജി**

നവഅക്കാദമിക വർഷം നടപ്പിൽ വന്ന മഹ്ദിയ്യ പി.ജിയെക്കുറിച്ച് രജിസ്ട്രാർ വ്യക്തമാക്കി. നിലവിൽ മഹ്ദിയ്യ ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥിനികൾക്കാണ് പി.ജി നൽകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അടുത്തവർഷം മുതൽ മറ്റു സ്ട്രീമുകളിലേക്കും അനുവദിക്കാവുന്നതാണെന്ന് യോഗം അഭിപ്രായപ്പെട്ടു. ചില സ്ഥാപനങ്ങളിൽ നിന്ന് വരുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതുണ്ടെന്നും സ്ഥാപനത്തിന് ദുഷ്പേര് വരാത്ത രീതിയിൽ കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും റഖീബ്ഹുദവി അറിയിച്ചു. സൈത്തൂൻ ഡയറക്ടർ മുഈൻ ഹുദവിയെ പോലുള്ളവരെക്കൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഗൈഡ് ലൈൻ കൊടുക്കുന്നത് നന്നാകുമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇൻസ്പെക്ഷനുകൾ കാര്യക്ഷമമാക്കണമെന്ന് ജന.സെക്രട്ടറി യു.ശാഫിഹാജി അറിയിച്ചു.

**സഹ്റാവിയ്യ പി.ജി**

2025-26 അക്കാദമിക വർഷത്തിൽ നടപ്പിൽ വന്ന സഹ്റാവിയ്യ പി.ജിയെക്കുറിച്ച് രജിസ്ട്രാർ ലഘുവിവരണം നടത്തി. നാല് സെമസ്റ്ററുകളിലായി രണ്ട് വർഷം കാലാവധിയുള്ള ഈ കോഴ്സ് സഹ്റാവിയ്യ ഡിഗ്രിയോ യു.ജി.സി അംഗീകൃത യൂനിവേഴ്സിറ്റികളിൽ നിന്ന് ബിരുദമോ ഉള്ള സഹ്റാവിയ്യകൾക്ക് അപേക്ഷിക്കാം.

**മലയാള ഭാഷാ പഠനം**

മലേഷ്യയുമായി സഹകരിച്ച് ചെയ്യുന്ന മലയാള ഭാഷാ പഠനം ഉറുദു വിദ്യാർത്ഥികൾക്കും നൽകാവുന്നതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

**കമ്യൂണിറ്റി എംഗേജ്മെന്റ്**

ദാറുൽഹുദായിൽ നിലവിലുള്ള രണ്ട് വർഷ നിർബന്ധിത സേവനം പോലുള്ള സാമൂഹിക ഇടപെടലുകൾ മഹ്ദിയ്യയിലും സഹ്റാവിയ്യയിലും വരണമെന്നും സമുദായത്തിന് കൂടുതൽ ഉപകാരപ്പെടുന്ന രീതിയിൽ വ്യത്യസ്ത പരിപാടികളിൽ ഭാഗഭാക്കാകാനുള്ള അവസരങ്ങൾ സൃഷ്ടിക്കണമെന്നും യോഗം അഭിപ്രായപ്പെട്ടു.

**അക്കാദമിക എഴുത്തുകൾ**

വിദ്യാർത്ഥികളുടെ അക്കാദമിക എഴുത്തുകൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ജേണലുകളും ഡിസേട്ടേഷനുകളും അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. റിസർച്ച് ആന്റ് പബ്ലിക്കേഷൻ എന്ന രീതിയിൽ വന്നാൽ നന്നാകുമെന്ന് എം.കെ ജാബിറലി ഹുദവി അറിയിച്ചു. ചില തീസിസുകൾ നല്ല രീതിയിൽ ചെയ്തു കഴിഞ്ഞാൽ പ്രസാധന രംഗത്ത് വെളിച്ചം കാണിക്കാവുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**പൊതു ചർച്ച**

**അധ്യാപക അപ്രൈസൽ**

മുൻവർഷങ്ങളിൽ നടപ്പിൽ വരുത്തിയ അപ്രൈസൽ വിപുലമായി നടത്തേണ്ടതുണ്ടെന്ന് ഡോ.ജാബിർ കെ.ടി ഹുദവി പറഞ്ഞു. ഇത് പ്രൊമോഷൻ സമയത്ത് ആ ലെവലിൽ വരണമെന്ന് ഡോ.അബ്ദുർറഹ്മാൻ അരീക്കാടൻ അഭിപ്രായപ്പെട്ടു.

**ഹദീസ് ഡിപ്പാർട്മെന്റിനു കീഴിൽ സ്കൂൾ**

വിദ്യാഭ്യാസ രംഗം സജീവമാക്കുന്നതിന്റെ ഭാഗമായി ഹദീസ് ഡിപ്പാർട്ട്മെന്റിനു കീഴിൽ സ്കൂളുകളിലേക്കുള്ള പുസ്തകം ഇറക്കുന്നത് ആലോചനയിലുണ്ടെന്ന് ഖുർആൻ ആന്റ് ഹദീസ് കുല്ലിയ്യ ഡീൻ സ്വലാഹുദ്ദീൻ ഹുദവി ധരിപ്പിച്ചു. ചെറിയ ക്ലാസിൽ അസ്മി അതിനു വേണ്ടി സ്ഥാപിച്ചതെന്നും വലിയ ക്ലാസുകളിൽ നടപ്പിൽ വരുത്താമെന്നും ഇതു വഴി അധ്യാപർക്ക് ട്രെയ്നിംഗ് നൽകാമെന്നും ഒരുപാട് വിദ്യാലയങ്ങളിലേക്ക് ഇതിന്റെ ഫലം ലഭിക്കുമെന്നും യോഗാംഗങ്ങൾ നിർദ്ദേശിച്ചു.

യോഗം കൃത്യം 12.45ന് മൂന്ന് സ്വലാത്തോടെ പിരിഞ്ഞു.

Prepared by

Dr. Rafeeq Hudawi Karimpanackal

(Academic Registrar)

DARUL HUDA ISLAMIC UNIVERSITY ★ CHEMMAD, MALAPPURAM ★
Kerala, India
676 306